**മേലെഴുത്ത് നമ്പർ: DTETVM/3142/2025-EA2 (EA) തീയതി: 02-06-2025**

---

സൂചന: സർക്കാരിൽ നിന്നുള്ള സർക്കുലർ നമ്പർ: അറ്റ- 1/127/2022-ആഭ്യന്തരം തീയതി: 24.02.2025.

സൂചനയിലെ സർക്കാർ പരിപത്രം വകുപ്പിന് കീഴിലെ എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി നൽകുന്നു.

**JAYAPRAKASH P**

**SENIOR JOINT DIRECTOR (ECS)**

Signed by
Jayaprakash P
Date: 02-06-2025 22:05:44

"ഭരണഭാഷ- മാതൃഭാഷ"

OFFICE OF THE DIRECTOR OF TECHNICAL EDUCATION
14 MAR 2025
THIRUVANANTHAPURAM-23.

14/03
EA

കേരള സർക്കാർ

നം. അറ്റ- 1/127/2022-ആഭ്യന്തരം.
ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്,
തിരുവനന്തപുരം, തീയതി: 24-02-2025

**സർക്കുലർ**

വിഷയം:- ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് - വിദേശ രാജ്യങ്ങളിലേക്കുള്ള അറ്റസ്റ്റേഷൻ സേവനങ്ങൾ - വിവാഹമോചനരേഖകൾ അറ്റസ്റ്റ് ചെയ്യുന്നത്- നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 28/05/2021 ലെ അറ്റ-1/38/2020/ആഭ്യന്തരം നമ്പർ പരിപത്രം.

വിദേശ രാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ / രേഖകൾ പൊതുജനങ്ങൾക്ക് നേരിട്ട് സാക്ഷ്യപ്പെടുത്തി നൽകുന്ന കാര്യത്തിൽ സൂചനയിലെ പരിപത്രം പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് . മേൽ പരിപത്രത്തിലെ ഇനം. (പി) യിൽ വിവാഹമോചനം സംബന്ധിച്ച കോടതി വിധി , വഖഫ് ബോർഡിൽ നിന്നുള്ള വിവാഹമോചനം സംബന്ധിച്ച സർട്ടിഫിക്കറ്റ് എന്നിവ നോട്ടറൈസ് ചെയ്ത ശേഷം അറ്റസ്റ്റ് ചെയ്യുന്നതിന് സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട് . വിവാഹമോചനത്തിൽ ഉൾപ്പെട്ട ഒരു കക്ഷിയുടെ പേരോ ഒപ്പോ സമ്മതമോ പരാമർശിക്കാതെയും , ഏത് രീതി/സമ്പ്രദായം പ്രകാരമെന്ന് പരാമർശിക്കാതെയും , ഒരു പൊതു രീതി അവലംബിക്കാതെയും ഏകപക്ഷീയമായി നൽകുന്ന ചില എക്സ്ട്രാജുഡീഷ്യൽ വിവാഹമോചന സർട്ടിഫിക്കറ്റുകൾ ആഭ്യന്തര അറ്റസ്റ്റേഷനായി സമർപ്പിക്കപ്പെടാറുണ്ട് .

മുസ്ലീം വ്യക്തിനിയമപ്രകാരം എക്സ്ട്രാ ജുഡീഷ്യൽ വിവാഹമോചനം അംഗീകരിക്കുന്നതിനും വിവാഹത്തിലെ കക്ഷികളുടെ വൈവാഹിക നില പ്രഖ്യാപിക്കുന്നതിനുമായി കുടുംബകോടതി നിയമത്തിന്റെ 7(d) വകുപ്പ് പ്രകാരം സമർപ്പിക്കുന്ന ഹർജിയിൽ കുടുംബ കോടതി പിന്തുടരേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ Asbi K N v Hashim.M.U (OP (FC) No. 476 of 2021) എന്ന കേസിൽ ബഹു. കേരള ഹൈക്കോടതി രൂപപ്പെടുത്തിയിട്ടുണ്ട് .

ഈ സാഹചര്യത്തിൽ ബഹു. കോടതിവിധിയിലെ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി കുടുംബ കോടതി endorse ചെയ്ത് ലഭിച്ചിട്ടുള്ള വിവാഹമോചന സാക്ഷ്യപത്രം മറ്റ് രാജ്യങ്ങളിലേക്കായുള്ള ആവശ്യങ്ങൾക്ക് കൊണ്ടു പോകുന്നത് ഇത്തരം രേഖകളുടെ ഉള്ളടക്കം സംബന്ധിച്ച വെരിഫിക്കേഷനുകൾ നടത്തുന്നതിനുള്ള സമയം ലാഭിക്കാൻ സർക്കാരിനു സഹായകമാകുന്നതാണ് .

2. മേൽ സാഹചര്യത്തിൽ സൂചനയിലെ പരിപത്രത്തിലെ ഇനം. (പി) യിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ചേർത്ത് പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

" Extra Judicial വിവാഹമോചനരേഖകൾ അറ്റസ്റ്റേഷനായി ആഭ്യന്തര വകുപ്പിൽ ഹാജരാക്കുമ്പോൾ കുടുംബ കോടതികളുടെ എൻഡോഴ്സ്മെന്റ് വാങ്ങിയിട്ടുള്ള രേഖകൾ കൂടി ഹാജരാക്കുവാൻ അപേക്ഷകർ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം കുടുംബ കോടതികളുടെ എൻഡോഴ്സ്മെന്റ് വാങ്ങിയിട്ടുള്ള പക്ഷം സർക്കാർതല/പോലീസ് തല വെരിഫിക്കേഷൻ നടപടികളിൽ കാലതാമസം ഒഴിവാക്കാനും വെരിഫിക്കേഷൻ നടപടികൾ ലഘൂകരിക്കാനും സാധിക്കുന്നതാണ്. കോടതി എൻഡോഴ്സ്മെന്റ് വാങ്ങിയിട്ടില്ലാതെ സർക്കാരിൽ ഹാജരാക്കുന്ന (ഏകപക്ഷീയമായതോ അല്ലാത്തതോ ആയ) Extra Judicial വിവാഹമോചനരേഖകളിൽ അത്തരം രേഖകളിലെ ഉള്ളടക്കങ്ങളുടെ സത്യാവസ്ഥ മതിയായ സംവിധാനം ഉപയോഗിച്ച് പരിശോധിച്ചശേഷം മാത്രം സർക്കാർ ആഭ്യന്തര അറ്റസ്റ്റേഷൻ നടത്തുന്നതായിരിക്കും."

3. മേൽ ഭേദഗതികളോടെ സൂചനയിലെ സർക്കുലർ നിലനിൽക്കുന്നതാണ്.

ഉത്തരവിൻ പ്രകാരം

Signed by
Rajkala. V
സെക്ഷൻ ഓഫീസർ
Date: 25-02-2025 10:57:03

PRIYA MOL M P
JOINT SECRETARY

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖാന്തിരം)

എല്ലാ വകുപ്പ് മേധാവികൾക്കും (എല്ലാ ജില്ലാ ഓഫീസർമാർക്കും അറിയിപ്പ് നൽകുന്നതിന്)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം. ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖാന്തിരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്